(ബി) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് തേക്കിൻതൈ ഉൾപ്പെടെയുള്ള വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് ആവശ്യമായ തൈകൾ ഈ മൺസൂൺകാലത്തുതന്നെ സൗജന്യമായി വിതരണം ചെയ്യുമോ?

*ഉത്തരം*

(എ) സർക്കാരിന്റെ ഒരുവർഷ പരിപാടിയുടെ ഭാഗമായി ''ഹാബിറ്റാറ്റ് ഫോറസ്ട്രി''യും വനമഹോത്സവത്തോടനുബന്ധിച്ച് നടപ്പാക്കുന്ന ''വൃക്ഷോൽസവം'' പദ്ധതിയും കേരളത്തിലെ വിദ്യാലയങ്ങളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ ഉദ്ദേശിച്ചുള്ളവയാണ്.

(ബി) മേൽപ്പറഞ്ഞ പദ്ധതികളുടെ ഭാഗമായി ഈ മൺസൂൺ കാലത്തുതന്നെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനാവശ്യമായ തൈകൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്.

**മെരുക്കിയ ആനകളെ കൊണ്ടുപോകുന്നതിനുള്ള വ്യവസ്ഥകൾ**

63 [3317] *ശ്രീ. വർക്കല കഹാർ:*
*,, എം. എം. ഹസ്സൻ:*
*,, എം. കെ. പോൾസൺ മാസ്റ്റർ:*
*,, കെ. സുധാകരൻ:*
*ഡോ. എം. എ. കുട്ടപ്പൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെരുക്കിയ ആനകളെ ഒരു സ്ഥലത്തുനിന്നും മറ്റ് സ്ഥലത്തേക്ക് കൊണ്ടുപോകുന്നതുസംബന്ധിച്ച് എന്തെങ്കിലും ചട്ടങ്ങളോ വ്യവസ്ഥകളോ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ ചട്ടങ്ങളും വ്യവസ്ഥകളും കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പാക്കാനുള്ള മാർഗ്ഗങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മെരുക്കിയ ആനകളെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുമ്പോൾ എത്രയെണ്ണം അപകടത്തിൽപ്പെട്ടിട്ടുണ്ട്;

(ഡി) ഇപ്രകാരം ആനയെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുമ്പോൾ അത് സഞ്ചരിക്കുന്ന സ്ഥലങ്ങളിലുള്ള എല്ലാ പോലീസ് സ്റ്റേഷനുകൾക്കും വിവരം നൽകാൻ ഏർപ്പാടുണ്ടാക്കുമോ?

*ഉത്തരം*

(എ) ഉണ്ട്. 1972-ലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിന്റെ 43, 48 'എ' സെക്ഷനുകൾ പ്രകാരവും, 2003 ലെ നാട്ടാന പരിപാലനവും സംരക്ഷണവും ചട്ടപ്രകാരം ഉള്ള വ്യവസ്ഥകളുമാണ് നാട്ടാനകളെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുമ്പോൾ പാലിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വന്യജീവിസംരക്ഷണനിയമപ്രകാരം നിയമിതരായ ചീഫ് വൈൽഡ്ലൈഫ് വാർഡൻ, വൈൽഡ്ലൈഫ് വാർഡൻ, അസിസ്റ്റന്റ് വൈൽഡ്ലൈഫ് വാർഡൻ, പോലീസ് ഉദ്യോഗസ്ഥർ എന്നിവർ സൂക്ഷ്മനിരീക്ഷണം നടത്തി നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നുണ്ട്.

(സി) വനം വകുപ്പിൽ ഈ വിവരം ഇപ്പോൾ ശേഖരിക്കുന്നില്ല. ആയതിനാൽ ഈ കണക്ക് ലഭ്യമല്ല.

(ഡി) ഇക്കാര്യം പ്രായോഗികമല്ലാത്തതിനാൽ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**കൊമ്പനാന-പിടിയാന അനുപാതം**

64 [3318] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*

„ *എം. മുരളി:*

*ഡോ. എം. എ. കുട്ടപ്പൻ:*

*ശ്രീ. കെ. സി. ജോസഫ്:*

„ *സി. പി. മുഹമ്മദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര പിടിയാനകൾക്ക് ഒരു കൊമ്പനാന തുണയായി വേണം എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് ഈ കണക്കനുസരിച്ചുള്ള കൊമ്പനാനകൾ നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) ആനവേട്ട സംബന്ധിച്ച് ഇപ്പോൾ എത്ര കേസുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ?

*ഉത്തരം*

(എ) അപ്രകാരം കണക്കാക്കിയിട്ടില്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ബാധകമല്ല.

(ഡി) ഇപ്പോൾ 53 കേസുകൾ നിലവിലുണ്ട്.

GPM. 2/609/2012—14

LIBRARY ARCHIVES Kerala Legislative Assembly